സ്നേഹദ്വേഷങ്ങളുടെ തിരമാലകൾ ആഞ്ഞടിക്കുന്ന കവി മനസ്സാണ് എം.എൻ. കാരശേരിയുടെ ഓർമയിലെ ഉറവ്. അംബികാസുതൻ മാങ്ങാടിന് "ദിവസത്തിൽ ഇരുപത്തിനാലു മണിക്കൂറും കൊല്ലത്തിൽ 365 ദിവസവും ആയുരന്ത്യത്തോളം കവിതയുടെ ഉച്ചക്കൊടും വെയിൽ തലയിലേറ്റിക്കൊണ്ടു നടക്കുന്ന ഒരു ഭാവനാമാത്ര സഞ്ചാരിയാണ് കുഞ്ഞിരാമൻ നായർ" (പുറം 176). എൻ.വി. കൃഷ്ണവാര്യർ, എൻ. ഗോപാലപിള്ള, ശൂരനാട്ടു കുഞ്ഞൻപിള്ള, എസ്. ഗുപ്തൻ നായർ, സുകുമാർ അഴീക്കോട്, അയ്യപ്പപ്പണിക്കർ, ഉറൂബ്, എം. ലീലാവതി, വിഷ്ണുനാരായണൻ നമ്പൂതിരി, കൂടാളി എം.കെ. രാമകൃഷ്ണൻ, ഡി. വിനയചന്ദ്രൻ, കെ.എം. മാത്യു, ഡോ. എം.ആർ. തമ്പാൻ, പി. പവിത്രൻ, കെ.എം. അഹമ്മദ്, ഇ.പി. രാജഗോപാലൻ, ഇ.വി. രാമകൃഷ്ണൻ, വി.സി. ശ്രീജൻ, സി. രാജേന്ദ്രൻ, പി.പി. രവീന്ദ്രൻ, കെ.സി. നാരായണൻ, സി.ആർ. രാജഗോപാലൻ, വി.സി. ഹാരീസ് എന്നിവർ അവതരിപ്പിക്കുന്ന ഓരോ ചിത്രവും പ്രിയ കവിയെ അടുത്തറിയാനുള്ള സൂത്രവാക്യങ്ങളാകുന്നു. ലഘുജീവചരിത്രം അനുബന്ധമായി ചേർത്തിരിക്കുന്നത് പുസ്തകത്തിന് സമഗ്രത നൽകുന്നു.

ഇപ്രകാരം ഓർമയുടെ, അനുഭവത്തിന്റെ, അനുഭൂതിയുടെ വർണപ്പൂക്കളാൽ മഹാകവിയുടെ സ്മരണയ്ക്കുമുന്നിൽ അർപ്പിക്കുന്ന മാല്യമാണ് 'കളിയച്ഛന്റെ കാൽപ്പാടുകൾ'. ലോലപീതാംബരച്ചാർത്തുകളിലൂടെ, പ്രകൃതിയുടെ സൗന്ദര്യമഹിമാവുകളിലൂടെ വികാരഭരിതനായി സഞ്ചരിക്കുകയും വിഷാദമൂകമായ മനസ്സ് കവിതാകാമിനിക്കർപ്പിക്കുകയും ചെയ്ത മഹാകവിയുടെ ജീവിതത്തിന്റെ വഴിയും മിഴിവും തെളിമയോടെ വരഞ്ഞിടുന്ന ഈ ഈടുറ്റഗ്രന്ഥം ഭാവി പഠിതാക്കൾക്കു സമർപ്പിക്കുന്നു.

**ഡോ. ബെറ്റിമോൾ മാത്യു**
അസി. പ്രൊഫസർ
എൻ.എസ്.എസ്. വിമൻസ് കോളെജ്,
കരമന, തിരുവനന്തപുരം

## പുസ്തകവിചാരം

ഡോ.എം.എ. അസ്കർ

# പെയ്യാൻ വെമ്പിനിൽക്കുന്ന കഥകൾ




3 കാലങ്ങൾ
*സി. അനൂപ്*
ചിന്ത
വില: 180 രൂപ

വല കാലങ്ങളിൽ എഴുതപ്പെട്ടതെങ്കിലും ഇപ്പോഴും വായനയുടെ ആകാശങ്ങളെ ദീപ്തമാക്കുന്ന അനുഭവമാണ് സി. അനൂപിന്റെ '3 കാലങ്ങൾ' എന്ന സമാഹാരം. ഒരു എഴുത്തുകാരന്റെ ദർശനങ്ങളുടെ രൂപപരിണാമങ്ങൾ അതിന്റെ മൂലാസ്ഥിയുടെ വളർച്ച മാത്രമാണെന്നും മറിച്ച്, പല കൊമ്പുകളിലേക്കുമുള്ള ചാട്ടമല്ല എന്നും ഈ കഥകൾ സാക്ഷ്യപ്പെടുത്തുന്നു.

പെയ്യാൻ വെമ്പിനിൽക്കുന്ന മഴമേഘങ്ങളാണ് സി. അനൂപിന്റെ കഥകൾ, അത് മനസ്സിൽ ഉണ്ടാക്കുന്ന താപം അസഹ്യമാണ്. കഥകളുടെ തുടക്കത്തിൽ വളരെ സൗമ്യവും ശാന്തവുമായ അവസ്ഥയിൽ നിന്ന്, അസ്വസ്ഥത ആരോഹണ ക്രമത്തിൽ, മനസ്സിൽ തീക്കനൽ കോരിയിട്ട് തപിച്ചു നിൽക്കും. സുഹൃദ്ബന്ധങ്ങളിലും കുടുംബ ബന്ധങ്ങളിലുമുള്ള അറിയാകയങ്ങളെ തുഴഞ്ഞുചെന്ന് കാണിച്ചു തരും ഈ കഥകൾ. 'കപ്പിത്താന്റെ കടലിൽ', ആനന്ദകരമായ മൂന്നു മാസത്തെ മധുവിധുവിനു ശേഷം ആനന്ദവല്ലിയെ പിരിഞ്ഞിരിക്കുമ്പോൾ ജഗദീശനുണ്ടാകുന്ന പരിവർത്തനമാണ് അലയടിക്കുന്നത്. വാത്സ്യായന സൂക്തങ്ങൾ ഉപാസിച്ച സുരതനിരതമായ ദിനങ്ങളുടെ ആലസ്യത്തിൽ, ഒരു നാൾ, ഗോമസ് എന്ന സീനിയർ നാവികന്റെ ജീവിതാഘോഷങ്ങളുടെ ലഹരിയാൽ ജഗദീശൻ ഉന്മത്തനാവുന്നു. കടലിലെത്തിയാൽ ഭൂമിയിലെ ഓർമകൾ പാടില്ല എന്ന ഗോമസിന്റെ വാക്കുകൾ ജഗദീശന്റെ പുത്തൻ വേദപുസ്തകത്തിലെ ആദ്യവചന

ങ്ങളായി. ആനന്ദവല്ലിയെ പിരിയുമ്പോൾ, മറികടക്കാൻ കഴിയുമോ എന്ന് ആശങ്കപ്പെട്ട വിരഹനാളുകളെ, ഗോമസ് എന്ന കാമകലയുടെ അഭിനവഗുരുവിന്റെ പ്രഘോഷണങ്ങളിലൂടെ അതിജീവിച്ചു. പലദേശങ്ങളിൽ, പല കാലങ്ങളിൽ ഗോമസ് അന്വേഷിച്ചറിഞ്ഞ പെൺ ശരീരങ്ങളുടെ രുചിവൈവിധ്യങ്ങളിലൂടെ സഹനാവികനൊപ്പം ജഗദീശൻ കപ്പലോട്ടം നടത്തി. ആനന്ദവല്ലിയാകട്ടെ, ഒരു പെരുമഴ കാത്തിരിക്കുന്ന നെൽപ്പാടം പോലെ ഉഴുതുമറിക്കപ്പെട്ട് വിത്തിനായി കാത്തിരുന്നു. അവൾ കാത്തിരുന്നത് ഒരു ജഗദീശനെ ആയിരുന്നില്ല. ബന്ധങ്ങൾ, അവയുടെ കേവലമായ നൂലുറപ്പിൽ നിന്ന് വേർപെട്ട് സ്വതന്ത്രമാവുമ്പോൾ ഒരു പുതിയ ഭൂവിസ്തൃതിയിലേക്ക് അലഞ്ഞെത്തുന്ന അനുഭവമാണ് 'കപ്പിത്താന്റെ കടൽ.'

കുട്ടിക്കാലത്തെ പരിചയം കെട്ടുപോയ ഒരു ഓർമയാണ് 'വെളുത്തുള്ളി മണം' എന്ന കഥ. വലുതായി മധ്യവയസിലോ വാർധക്യത്തിലോ നടന്നെത്തുമ്പോൾ, ചില ദേശങ്ങളോ ചില കാലങ്ങളോ ചില സംഭവങ്ങളോ രൂക്ഷമായ ഒരു ഗന്ധമായി നമുക്കു ചുറ്റും വളർന്നു വരാറുണ്ട്. മിക്കവാറും ബാല്യത്തിലെ ഗൂഢാനുഭൂതികളായ ആ അൽപനിമിഷങ്ങളുടെ ഗന്ധങ്ങൾക്ക് ഒരു കഥയുടെ വികാസരൂപം പ്രാപിക്കാനാവുമോ എന്ന് തോന്നിയേക്കാമെങ്കിലും, കഥാകൃത്തിന്റെ കരവിരുതിൽ അനായാസം ഒരു ലക്ഷണമൊത്ത കഥ പിറവിയെടുക്കുന്നു. കഥാഘടനയിലും ആഖ്യാനത്തിലും മികച്ചു നിൽക്കുന്ന ഒരു മനോഹര കഥയാണ് 'വെളുത്തുള്ളി മണം.'

ബന്ധങ്ങൾ സ്വാഭാവികമല്ലാത്ത ഒരു അവസ്ഥയിലേക്ക് ഏങ്കോണിച്ചു വികസിക്കുമ്പോൾ മനസ്സാക്ഷിയുള്ളവരിൽ സ്വാഭാവികമായി ഉണ്ടാവുന്ന അന്തസംഘർഷങ്ങളാണ് 'ജാമിതീയം' എന്ന കഥ. അച്ഛനും മകനും ഒരേ സ്ത്രീയെയായിരുന്നു പ്രാപിച്ചു കൊണ്ടിരുന്നതെന്നറിയുമ്പോൾ ബന്ധങ്ങളുടെ ക്ഷേത്രഗണിത ഘടനരൂപങ്ങൾ തകർന്നു വീഴുകയും അത് ഒരാളുടെ അല്ലെങ്കിൽ മറ്റൊരാളുടെ ഹത്യക്കു കാരണമാവുകയും ചെയ്യുന്നു. ഒരു കുറ്റാന്വേഷണകഥയുടെ ഭാവമാണെങ്കിലും കുറ്റം തെളിയിക്കുകയല്ല കഥാകാരൻ ചെയ്യുന്നത്, മറിച്ച്, കഥാപാത്രങ്ങളുടെ മനസ്സിന്റെ ഉൾച്ചുരുളുകളെ നിവർത്തിക്കാണിക്കുകയാണ്. ലഹരിയുടെ മയക്കത്തിൽ യാദൃച്ഛികമായി സംഭവിച്ച ഭോഗാനുഭൂതിയുടെ ഒരു ട്രെയിൻ യാത്രയാണ് 'ഉദാരവൽകരണം' എന്ന കഥ. വിദ്യാർഥിയായിരിക്കുമ്പോൾ ലഭിച്ച കുളിരുള്ള ഓർമയിലെ പെൺകുട്ടിയെ അന്വേഷിക്കുകയാണ് മൻമോഹൻ. എന്നാൽ, അന്ന് സഹയാത്രികനായ കൂട്ടുകാരൻ അപ്പുക്കുട്ടൻ സമ്മാനിച്ച സുഖമായിരുന്നു അതെന്ന് വായനക്കാരനോടു മാത്രം കഥാകൃത്ത് വെളിപ്പെടുത്തുന്നു. ഭോഗാനുഭവം യാദൃച്ഛികമാണെങ്കിലും മൻമോഹൻ എന്ന കഥാപാത്രത്തിന്റെ പേരും 'ഉദാരവൽകരണം' എന്ന കഥയുടെ പേരും യാദൃച്ഛികമാവാൻ തരമില്ല; കാരണം മൻമോഹൻ സിങ്ങിന്റെ കാലത്താണല്ലോ ഇന്ത്യയിൽ ഉദാരവൽകരണത്തിന്റെ വിത്തു വീണത്. ചില സംഭവങ്ങളെയും ആളുകളെയും കൂട്ടിഘടിപ്പിച്ച് അവ തമ്മിലുള്ള ബന്ധമെന്തെന്ന് ഒരു പ്രശ്നോത്തരി കണക്കെ, വായനക്കാരനോട് ഓർത്തെടുക്കാൻ കഥാകൃത്ത് പറയാതെ പറയുന്നു. ഈ കണ്ണിറുക്കൽ സി. അനൂപിന്റെ മറ്റു ചില കഥകളിലും കാണാം.

പ്രണയകാലത്തിന്റെ ചൂടിൽ വീടുവിട്ടിറങ്ങി ജീവിക്കാൻ ശരീരം വിറ്റ് നഗരവധുവാകേണ്ടി വന്ന മുത്തുലക്ഷ്മിയുടെ കഥയാണ് 'ദൈവനിശ്ചയം ആർക്കറിയാം.' ഒരു സാധാരണ പൈങ്കിളി കഥയാവാതെ പ്രണയത്തിന്റെയും രതിയുടെയും നാനാർഥങ്ങളിലൂടെയും അവയുടെ സങ്കീർണമായ വഴികളിലൂടെയും അലയുകയാണ് കഥ. തന്റെ വാർധക്യത്തിലും കാമുകന്റെ വരവ് പ്രതീക്ഷിച്ചിരിക്കുന്ന മുത്തുലക്ഷ്മിയിലൂടെ, പ്രണയം അനശ്വരമാണെന്നു പറയുമ്പോഴും അത് അനന്തമായ അന്വേഷണം മാത്രമാണെന്ന പ്രസ്താവനയിലേക്ക് കഥ ചെന്നെത്തുന്നു.

കൂട്ടുകാരോടൊത്ത് ജീവിതം ആഘോഷിക്കാൻ തീരുമാനിക്കുന്ന ടോണി എന്ന വിദ്യാർഥിയുടെ ചില തിരിച്ചറിവുകളാണ് 'വിലോഭനീയമായ നീലക്കുന്നുകൾ' എന്ന കഥ. കൗമാരത്തിന്റെ ചാപല്യങ്ങളിലും മനസ്സ് നെറികെട്ടുപോകാതെ സൂക്ഷിക്കുന്നുണ്ട് പുതിയ തലമുറയെന്ന് ഈ കഥ സൂചിപ്പിക്കുന്നു. ജലജീവിയായ മൽസ്യത്തിലും കരയിൽ ജീവിക്കുന്ന മനുഷ്യനിലും മരണം ഉണ്ടാക്കുന്ന ഭയാശങ്കകൾ ഒരേ അളവിലും രൂപത്തിലുമാണെന്ന യാഥാർഥ്യം വെളിപ്പെടുത്തുന്നു 'ഇഹജന്മം' എന്ന കഥ. മരണത്തിന്റെ ചൂണ്ടയിൽ കുരുങ്ങുവോളം ചൂണ്ടയെക്കുറിച്ചോർത്ത് പാഴാക്കുന്ന ജന്മമായി മാറുന്ന മനുഷ്യമൽസ്യജന്മങ്ങൾ. മനുഷ്യന്റെ മരണത്തെ തിരിച്ചിട്ടു നോക്കിയാൽ മൽസ്യത്തിന്റെ മരണമായി, ഒരു ദൃശ്യമാധ്യമ പ്രവർത്തകൻ കൂടിയായ കഥാകൃത്തിന് ഈ റിവേഴ്സ് ആംഗിൾ കഥ മനോഹരമായി ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നീതികഥാസമാനമായ ആഖ്യാനവും പാത്രസൃഷ്ടിയും സ്ഥലകാലങ്ങളെ അതിജീവിച്ചു മുന്നേറാൻ ഇഹജീവിതത്തിന് സാധിക്കും.

പലപ്പോഴും വളരെ സാധാരണമായ സഭാകമ്പങ്ങളിൽ തുടങ്ങി അപ്രതീക്ഷിതമായ തിരുവുകളിലേക്കെത്തി, അവിടെയിരുന്ന് ഇനി ഒരു ചർച്ചയാവാം എന്ന് പറയാതെ പറയുന്നുണ്ട് സി. അനൂപിന്റെ പല കഥകളും. സമകാലീന സംഭവങ്ങളെയും വ്യക്തികളെയും കഥയുടെയോ കഥാപാത്രങ്ങളുടെയോ വിശാലവൃത്തത്തിലേക്ക് കൊണ്ടുവന്ന് വിമർശനമോ അനുഭാവമോ ചിലപ്പോൾ അനുതാപമെങ്കിലും പ്രകടിപ്പിക്കാതെ '3 കാലങ്ങളി'ലെ കഥകൾ അവസാനിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്.

**ഡോ.എം.എ. അസ്കർ**
അറബി വിഭാഗം, യൂണിവേഴ്സിറ്റി കോളെജ്
പാളയം, തിരുവനന്തപുരം 34
9496456851